# റാന്നി-നിലയ്ക്കൽ ഓർത്തഡോക്സ് കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു

റാന്നി: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിലയ്ക്കൽ ഭദ്രാസനത്തിലെ ദേവാലയങ്ങളുടെ സംയുക്താഭിമുഖ്യത്തിലുളള 49-ാമത് റാന്നി-നിലയ്ക്കൽ ഓർത്തഡോക്സ് കൺവൻഷന്റെ ഒരുക്കങ്ങൾ ആരംഭിച്ചു. 2016 ജനുവരി 7 മുതൽ 10 വരെ ഇട്ടിയപ്പാറ മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തുന്ന കൺവൻഷന്റെ മുഖ്യചിന്താവിഷയം **"ഈ ആലയം ശൂന്യമായിരിക്കെ നിങ്ങൾക്ക് തട്ടിട്ട വീടുകളിൽ പാർപ്പാൻ കാലമായോ ? "** **(ഹഗ്ഗായി 1:4)** എന്നതാണ്. വിവിധ ദിവസങ്ങളിലായി ഗാനശുശ്രൂഷ, കൺവൻഷൻ പ്രസംഗങ്ങൾ, മദ്ധ്യസ്ഥ പ്രാർത്ഥന, സണ്ടേസ്കൂൾ ബാലസംഗമം, മർത്തമറിയം സമാജം സമ്മേളനം, കെ.സി.സി സമ്മേളനം മുതലായവ ഉണ്ടായിരിക്കുന്നതാണ്. ജനുവരി 7-ാം തീയതി ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ മാർത്തോമ്മാ സഭയുടെ റൈറ്റ് റവ.ഡോ. ഗീവർഗീസ് മാർ അത്താനാസിയോസ് സഫ്രഗൻ മെത്രാപ്പോലീത്ത കൺവൻഷൻ ഉദ്ഘാടനം ചെയ്യും. വിവിധ ദിവസങ്ങളിൽ റവ.ഫാ.ബിജു ആൻഡ്രൂസ് ഇടുക്കി, റവ. ഫാ.ഫിലിപ്പ് തരകൻ തേവലക്കര, റവ.ഫാ.റ്റൈറ്റസ് ജോൺ കൊട്ടാരക്കര തുടങ്ങിയവർ വചനപ്രഘോഷണം നടത്തുന്നതാണ്. സമാപന ദിവസമായ ജനുവരി 10-ന് ഞായറാഴ്ച ഡോ.എബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത വി.കുർബ്ബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കുന്നതും കേരള ഗവൺമെന്റ് ചീഫ വിപ്പ് ബഹു. ജിജി തോംസൺ ഐ.എ.എസ് മുഖ്യപ്രഭാഷണം നിർവ്വഹിക്കുന്നതുമാണ്. റവ.ഫാ.ഷൈജു കുര്യൻ (ജനറൽ കൺവീനർ), റവ.ഫാ.ജോജി മാത്യു, റവ.ഫാ.എബി വർഗീസ് എന്നിവർ കൺവീനർമാരായി വിപുലമായ കമ്മറ്റി പ്രവർത്തിക്കുന്നു.